ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:12.10.2026

## പ്രധാനവാർത്തകൾ

1. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് തുടക്കം. തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ അതിക്രമം സംബന്ധിച്ച് അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിപക്ഷ വാക്കൗട്ട്.

2. ക്ഷേമ പദ്ധതികളുടെ കാര്യത്തിൽ ജനങ്ങളെ ചേർത്തു പിടിക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

3. സംസ്ഥാനത്ത് സബ്സിഡി സാധനങ്ങൾ റേഷൻകടകൾ വഴി വിതരണം ചെയ്യുന്നത് പരിശോധിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്.

4. നെടുമ്പാശ്ശേരിയിൽ മൂന്നുപേരുടെ മരണത്തിനിടയാക്കിയ വാഹനാപകടത്തിൽ മൂന്നു പേർ കൂടി പിടിയിൽ. മുഖ്യപ്രതി സുഹൈൽ സജീവ് റിമാൻഡിൽ തുടരുന്നു.

5. റിയാദ് വിമാനത്താവള ആക്രമണത്തിൽ മരിച്ച ഇന്ത്യൻ പൗരന്റെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള ശ്രമം

RNU TVPM

പുരോഗമിക്കുന്നതായി ഇന്ത്യൻ എംബസി. സ്ഥിതിഗതികൾ വിലയിരുത്തി വിദേശകാര്യമന്ത്രാലയം.

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സി - മോഹൻ ബഗാൻ സൂപ്പർ ജയന്റ് പോരാട്ടം.

*************************

## പ്രതിപക്ഷ വാക്കൗട്ട്

നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ നടന്ന അതിക്രമം സംബന്ധിച്ച് അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി. സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാത്ത സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് വി. ജോയി ആണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. യൂത്ത് കോൺഗ്രസ്-പൊലീസ് ആക്രമണം നടക്കാൻ പാടില്ലാത്തതായിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. സംഘർഷത്തിൽ ഇരു വിഭാഗത്തിൽ ഉള്ളവർക്കെതിരെയും കേസ് എടുത്തിട്ടുണ്ടെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല മറുപടി നൽകി. അതിനാൽ വിഷയം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നും അദ്ദേഹം പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോകുകയായിരുന്നു.

RNU TVPM

*************************

## മുഖ്യമന്ത്രി - സഭ ചോദ്യോത്തരവേള (ഇൻട്രോ)

സംസ്ഥാനത്ത് ക്ഷേമ പദ്ധതികളുടെ കാര്യത്തിൽ ജനങ്ങളെ ചേർത്തു പിടിക്കുന്ന സമീപനമാണ് സർക്കാരിനുള്ളതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

കെഎസ്ആർടിസിയുടെ പ്രിയദർശിനി സൗജന്യ യാത്ര പദ്ധതി ഔദാര്യമല്ല സ്ത്രീകൾക്കുള്ള സർക്കാരിന്റെ ആദരവാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

*************************

## മന്ത്രി അനൂപ് ജേക്കബ്

സബ്സിഡി സാധനങ്ങൾ റേഷൻകട വഴി വിതരണം ചെയ്യുന്നത് പരിശോധിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്. നിലവിൽ റേഷൻ കടകളോടനുബന്ധിച്ചുള്ള കെ-സ്റ്റോറുകൾ വഴി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു. പ്രളയ ദുരന്തത്തിന് ഇരയായവർക്ക് റേഷൻ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിൽ പരാതിയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു.

*************************

## മന്ത്രി കെ എം ഷാജി

തദ്ദേശ ഭരണവകുപ്പിന്റെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കാൻ 'ഒരു തദ്ദേശ സ്ഥാപനത്തിന് ഒരു വെബ്സൈറ്റ്' എന്ന പദ്ധതി ആവിഷ്കരിച്ചതായി മന്ത്രി K M ഷാജി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ

PNU TVPM

സ്ഥാപനങ്ങൾക്കും ഔദ്യോഗിക വെബ്സൈറ്റുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് അദ്ദേഹം ചോദ്യോത്തരവേളയിൽ അറിയിച്ചു.

*************************

## കേരള നിയമസഭ

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിനാണ് ഇന്ന് തുടക്കമായത്. നിയമസഭയിൽ ചട്ടം 118 പ്രകാരം സർക്കാർ ഇന്ന് രണ്ട് പ്രമേയം സഭയിൽ അവതരിപ്പിക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കേണ്ടതിന്റെയും തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കേണ്ടതിൻറെയും ആവശ്യകത സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി വി. ഡി. സതീശൻ അവതരിപ്പിക്കും. രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന 2025 കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കിനൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഗവർണർ മുഖേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ അവതരിപ്പിക്കും. ഈ മാസം 29 വരെ ഒൻപതു ദിവസങ്ങളിലാണ് സഭ ചേരുന്നത്.

RNU TVPM

*************************

## പിങ്ക് ചിട്ടി - മുഖ്യമന്ത്രി

വനിതകൾക്ക് വേണ്ടി കെ.എസ്.എഫ്.ഇ ആവിഷ്കരിച്ച പിങ്ക് ചിട്ടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് നിർവഹിക്കും. നിയമസഭയിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ നടക്കുന്ന പരിപാടിയിൽ നടപ്പ് സാമ്പത്തിക വർഷത്തെ കെ.എസ്.എഫ്.ഇ ഗ്യാരന്റി കമ്മിഷൻ തുക 110.04 കോടി രൂപയും മുഖ്യമന്ത്രിയ്ക്ക് കൈമാറും.

*************************

## സന്തോഷത്തോടെ പഠിക്കാം

സന്തോഷത്തോടെ പഠിക്കാം' സംസ്ഥാനവ്യാപക ബോധവത്കരണ ക്യാമ്പയിന് ഇന്ന് തുടക്കം. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനും സന്തോഷകരമായ പഠനാന്തരീക്ഷം ഒരുക്കുന്നതിനുമായാണ് പരിപാടി ലക്ഷ്യമിടുന്നത്. ഈ മാസം 17 വരെ സർക്കാർ സ്കൂളുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിപാടികൾ സംഘടിപ്പിക്കും. വിദ്യാർത്ഥികൾക്ക് ആവശ്യമായ കൗൺസലിംഗും മാനസികാരോഗ്യ പിന്തുണയും ഇതിന്റെ ഭാഗമായി ഉറപ്പാക്കും.

*************************

## നെടുമ്പാശ്ശേരി

നെടുമ്പാശ്ശേരിയിൽ മൂന്നുപേരുടെ മരണത്തിനിടയാക്കിയ വാഹനാപകടത്തിൽ മൂന്നു പേർ കൂടി പിടിയിൽ. സംഭവസമയത്ത് മദ്യലഹരിയിലായിരുന്ന പ്രതി സുഹൈൽ സജീവിൻ്റെ കൂടെ കാറിലുണ്ടായിരുന്ന ഇവർ അപകടത്തിന് പിന്നാലെ മറ്റൊരു കാറിൽ രക്ഷപ്പെടുകയായിരുന്നു . ഇവർക്കെതിരെ പ്രേരണാ കുറ്റം ചുമത്തും. റിമാൻറിലുള്ള സുഹൈലിൻ്റെ ലൈസൻസ് റദ്ദാക്കാനുള്ള നടപടി മോട്ടോർ വാഹന വകുപ്പ് ആരംഭിച്ചു. യാത്രയ്ക്കിടെ ഇവർ മദ്യപിച്ച മൂന്ന് ബാറുകൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

*************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

RNU TVPM

*************************

## പ്രധാനമന്ത്രി - 25 വർഷങ്ങൾ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. വഖഫ് (ഭേദഗതി) നിയമത്തെക്കുറിച്ചാണ് ജനസേവനമാണ് ദേശസേവനം എന്ന പ്രത്യേക പരമ്പരയിൽ, ഇന്ന്. നൂറ്റാണ്ടുകൾ പഴക്കമുള്ള വഖഫ് ഭൂമി സങ്കൽപ്പങ്ങളെ പരിഷ്ക്കരിക്കാൻ ലക്ഷ്യമിട്ടുള്ള സുപ്രധാന നിയമനിർമ്മാണമാണ് വഖഫ് (ഭേദഗതി) നിയമം 2025. വഖഫ് സ്വത്തുക്കൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സഹായിക്കുന്നതിനൊപ്പം, മുസ്‌ലിം സ്ത്രീകൾക്ക് പൈതൃകമായി ലഭിക്കുന്ന സ്വത്തവകാശം ഉറപ്പുവരുത്താനും ഈ നിയമത്തിലൂടെ സാധിക്കുന്നു.

RNU TVPM

*************************

## എസ്. ജയശങ്കർ-സൗദി അറേബ്യ

സൗദി അറേബ്യയിലെ റിയാദ് വിമാനത്താവളത്തിലുണ്ടായ ആക്രമണത്തിൽ പരിക്കേറ്റ ഇന്ത്യൻ പൗരൻ മരിച്ചതായി ഇന്ത്യൻ എംബസി. മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കാനുള്ള എല്ലാ സഹായവും നൽകുമെന്നും എംബസി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. അതേസമയം, ആക്രമണത്തെ ത്തുടർന്ന് ഇന്ത്യൻ പൗരൻമാരുടെ സുരക്ഷ ഉറപ്പാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ച് വരികയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അറിയിച്ചു. നിലവിലെ സ്ഥിതിഗതികൾ എംബസി വിലയിരുത്തുന്നതായും അദ്ദേഹം പറഞ്ഞു.

*************************

## ചീഫ് ജസ്റ്റിസ് സൂര്യകാന്ത്

പരമോന്നത കോടതിയെ സമീപിക്കാൻ ഓരോ ഇന്ത്യൻ പൗരനും അവകാശമുണ്ടെന്നും, പരാതികൾ കേൾക്കാനും അർഹമായ പരിഹാരം നൽകാനും കോടതി സന്നദ്ധമാണെന്നും വ്യക്തമാക്കി സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്ത്. കൂടിക്കാഴ്ചയ്ക്കായി INDI സഖ്യം ഉന്നയിച്ച ആവശ്യത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. കൂടിക്കാഴ്ചയ്ക്കുള്ള അഭ്യർത്ഥന കത്ത് ലഭിച്ചിരുന്നതായും, എന്നാൽ അവരെ കാണാൻ സാധിക്കാത്തതിന്റെ കാരണം വിശദീകരിച്ചുകൊണ്ട് മറുപടി നൽകിയതായും ജസ്റ്റിസ് സൂര്യകാന്ത് വ്യക്തമാക്കി.

************************

## സ്കൂൾ കായികമേള (ഇൻട്രോ)

കോഴിക്കോട്ട് നടക്കുന്ന 68-ാമത് സംസ്ഥാന സ്കൂൾ കായികമേളയുടെ മുന്നൊരുക്കങ്ങൾ വിലയിരുത്തി. ഈ മാസം 25 മുതൽ 31 വരെ നടക്കുന്ന മേളയിൽ പതിനായിരത്തോളം കായിക താരങ്ങൾ പങ്കെടുക്കും.

**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട് ........**

(വോയ്സ്)

************************

## നവരാത്രി ആഘോഷങ്ങൾ-തിരു

രാജ്യമെമ്പാടും നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുന്നു. ത്യാഗം, ദൃഢനിശ്ചയം എന്നിവയുടെ പ്രതീകമായ ബ്രഹ്മചാരിണി ദേവി സങ്കല്പമാണ് നവരാത്രിയുടെ രണ്ടാം ദിവസമായ ഇന്ന് ആരാധിക്കുന്നത്. പത്മനാഭപുരത്ത് നിന്നുള്ള വിഗ്രഹ ഘോഷയാത്ര ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ

RNUTVPM

എത്തിയതോടെ തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് കൊടിയേറി. പദ്മതീർഥക്കുളത്തിലെ ആറാട്ടിനുശേഷം സരസ്വതിദേവിയെ നവരാത്രി മണ്ഡപത്തിൽ പൂജയ്ക്കിരുത്തി. കുമാരസ്വാമിയെ ആര്യശാല ദേവീക്ഷേത്രത്തിലും മുന്നൂറ്റിനങ്കയെ ചെന്തിട്ട ദേവീക്ഷേത്രത്തിലുമാണ് പൂജയ്ക്കിരുത്തിയത്.

*************************

## കണ്ണൂർ ദസറ (ഇൻട്രോ)

കണ്ണൂർ കോർപറേഷൻ സംഘടിപ്പിക്കുന്ന കണ്ണൂർ ദസറ ഇന്ന് ആരംഭിക്കും. കളക്രേറ്റ് മൈതാനിയിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ ..**

(വോയ്സ്)

RNU TVPM

*************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സി-മോഹൻ ബഗാൻ സൂപ്പർ ജയൻറ് പോരാട്ടം. രാത്രി 7.30 ന് ഗുവാഹത്തിയിലാണ് മത്സരം.

************************ *****************